## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : *473 — 30.06.2014-ലെ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയമത്തിന്റെ ഭവിഷ്യത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ :<br>ശ്രീ. ജി. സുധാകരൻ :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ :<br>ശ്രീ. കെ.കെ നാരായണൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തീരദേശ പരിപാലന നിയമത്തിന്റെ ഭവിഷ്യത്തുകൾ അനുഭവിക്കുന്ന തീരദേശ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (എ) തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ഇക്കാര്യത്തിൽ ആവശ്യമായ ഇളവുകൾ നൽകുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) തീരദേശ പരിപാലന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് തീരദേശ നിവാസികൾക്ക് ഭവിഷ്യത്തുകൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) തീരദേശമേഖല നിയന്ത്രണ വിജ്ഞാപനത്തിൽ വികസനരഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന മേഖലകളിൽ ഭവനനിർമ്മാണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക്, ഭവന നിർമ്മാണത്തിന് അനുവദനീയമായ തറ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് ഉള്ള നിയന്ത്രണങ്ങൾ എന്നിവ മത്സ്യതൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസികൾക്ക് കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. തീരദേശവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ആവശ്യങ്ങൾ സംസ്ഥാന സർക്കാർ |

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

- കടലോര, പുഴയോര പ്രദേശങ്ങളിൽ പരമ്പരാഗതമായി വസിക്കുന്നവർക്ക് വീട്/ ടോയിലറ്റ്/ മത്സ്യതൊഴിലാളികളുടെ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെഡുകൾ എന്നിവ CRZ III-ലെ നിർമ്മാണ രഹിത മേഖലയായി പ്രഖ്യാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽ അനുവദിക്കുക.
- തീരപ്രദേശത്ത് വസിക്കുന്ന തദ്ദേശവാസികൾക്ക് കുടുംബസ്വത്ത് ഭാഗിച്ച്കിട്ടുന്ന ഭൂമിയിൽ വാസഗൃഹങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അനുമതി ലഭ്യമാക്കുക, കൂടാതെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള തദ്ദേശവാസികൾക്ക് സ്ഥലം വാങ്ങി ഈ പ്രദേശത്ത് വാസഗൃഹം നിർമ്മിക്കുന്നതിനുള്ള അവകാശം നൽകുക.
- ചെമ്മീൻകെട്ട്, പൊക്കാളി നെൽ പാടശേഖരങ്ങളുടെ കരഭാഗം തദ്ദേശവാസികളുടെ വാസഗൃഹ നിർമ്മാണത്തിനായി തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുക.
- കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പത്ത് മീറ്റർ വീതിയ്ക്ക് താഴെയുള്ള തോടുകളുടെ കരയിലേയ്ക്കുള്ള പ്രദേശവും തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുക.
- കേരളത്തിന്റെ ഉൾനാടൻ ജലാശയങ്ങളുടെ തീരത്തെ തീരനിയന്ത്രണ മേഖല നിലവിലുള്ള

100 മീറ്ററിൽ നിന്നും 50 മീറ്ററായി ചുരുക്കുക.

- തദ്ദേശവാസികളുടെ ഭവനം പുനർനിർമ്മിക്കുമ്പോൾ നിലവിലുള്ള തറ വിസ്തീർണ്ണത്തിന് അനുപാതമായി മാത്രം പുനർനിർമ്മിക്കാം എന്നുള്ളത് നിലവിലുള്ള തറവിസ്തീർണം 100 ചതുരശ്ര മീറ്റർ കുറവാണെങ്കിൽ പുനർ നിർമ്മാണം 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണം വരെ എന്നാക്കി പരിഷ്കരിക്കുക.
- കായൽ ദ്വീപുകളിൽ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരഭാഗത്ത് തദ്ദേശവാസികൾക്ക് വീട് നിർമ്മിക്കുന്നതിന് അനുവാദം നൽകുക.

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

(സി) തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ ഇളവുലഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**